**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2609** **23-02-2026 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ഷോർട്ട് സർക്യൂട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. ഓഫീസുകളിൽ 'ഓപ്പറേഷൻ ഷോർട്ട് സർക്യൂട്ട്' എന്ന പേരിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | 16.01.2026-ന് വിജിലൻസ് ആന്റ് ആന്റി- കറപ്ഷൻ ബ്യൂറോ സംസ്ഥാനത്തെ 64 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. പരിശോധനയുടെ ഔദ്യോഗിക റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. എങ്കിലും, ഫീൽഡ് ഓഫീസുകളിൽ നിന്നുള്ള പ്രാഥമിക വിവരങ്ങൾ പ്രകാരം ടെൻഡർ നടപടികൾ, കോൺട്രാക്റ്റ് അടിസ്ഥാനത്തിലുള്ള മീറ്റർ റീഡിംഗ്, ചില ഡിജിറ്റൽ പണമിടപാടുകൾ, നിർബന്ധിത രജിസ്റ്ററുകളുടെ പരിപാലനം എന്നിവ സംബന്ധിച്ച ചില നിരീക്ഷണങ്ങൾ ഉയർന്നതായി അറിയുന്നു. നിയമപരമായ സമയപരിധിക്കുള്ളിൽ ഉപഭോക്തൃ സേവനങ്ങൾ ഉറപ്പാക്കേണ്ട സാഹചര്യത്തിൽ സ്വീകരിച്ച നടപടികളാണെന്ന് ബന്ധപ്പെട്ട ഓഫീസുകൾ വിശദീകരിച്ചിട്ടുണ്ട്. ഔദ്യോഗിക റിപ്പോർട്ട് ലഭിക്കുന്നതോടെ വിഷയങ്ങൾ വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>സംസ്ഥാന വിജിലൻസ് വിഭാഗം കെഎസ്ഇബി ലിമിറ്റഡിന്റെ സെക്ഷനോ ഫീസുകളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ നിലവിൽ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരായവർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | പരിശോധന റിപ്പോർട്ട് ഔദ്യോഗികമായി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ